മുദ്രകൾ

# വർഗീയതയുടെയും വിഭാഗീയതയുടെയും പരാജയം



നുസ്റത്ത് അലി

**ന്യൂദൽഹി:** കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.പി.എ കക്ഷികൾ വീണ്ടും അധികാരത്തിലേറിയത് രാജ്യത്തിനും രാജ്യനിവാസികൾക്കും ആശ്വാസം പകരുന്നതാണെന്ന് ഇന്ത്യൻ ജമാഅത്തെ ഇസ്ലാമി സെക്രട്ടറി ജനറൽ നുസ്റത്ത് അലി അഭിപ്രായപ്പെട്ടു. വർഗീയതയുടെയും വിഭാഗീയതയുടെയും രാഷ്ട്രീയം കളിച്ചവർ പരാജയപ്പെട്ടതും ശുഭസൂചനയാണ്. ഇന്ത്യൻ സമൂഹത്തെ സേവിക്കാൻ ഒരിക്കൽ കൂടി അവസരം ലഭിച്ച യു.പി.എ മുന്നണി തങ്ങളിൽ അർപ്പിതമായ ഉത്തരവാദിത്വം യഥാവിധി നിറവേറ്റട്ടെ എന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

ധാർമികതയും സദാചാരവും ലൈംഗിക അരാജകത്വത്തിനും മറ്റു തിന്മകൾക്കും വഴിമാറിക്കൊടുക്കുന്ന ഒരു സാഹചര്യത്തിലൂടെയാണ് രാജ്യം കടന്നുപോകുന്നതെന്നും ഈ തിന്മകളെ തടുക്കാൻ പുതിയ ഗവൺമെന്റ് നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്ത് നന്മ കാംക്ഷിക്കുന്ന ധാരാളം വ്യക്തികളും സംഘടനകളുമുണ്ട്. ഈ രംഗത്ത് എടുക്കുന്ന ഏതൊരു കാൽവെപ്പും ഈ വിഭാഗങ്ങളുടെ പിന്തുണ ഉറപ്പാക്കാൻ സഹായകമാവും.

അവശവിഭാഗങ്ങളുടെ ഉന്നമനത്തിന് ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികളിൽ ന്യൂനപക്ഷങ്ങൾക്ക്, പ്രത്യേകിച്ച് മുസ്ലിംകൾക്ക് അർഹമായ സ്ഥാനമുണ്ടാവുമെന്ന് പ്രത്യാശിക്കുന്നു. അവരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പതിതാവസ്ഥ സച്ചാർ കമ്മിറ്റി എടുത്തു കാട്ടിയതാണ്. സച്ചാർ കമ്മിറ്റി നിർദേശങ്ങൾ നടപ്പാക്കാൻ സർക്കാർ മുന്നോട്ടു വരണം. പ്രധാനമന്ത്രിയുടെ പതിനഞ്ചിന പദ്ധതിയിൽ ന്യൂനപക്ഷ പ്രശ്നങ്ങൾക്ക് അർഹമായ പരിഗണന ലഭിക്കണം. ന്യൂനപക്ഷ മന്ത്രാലയത്തെ ശക്തിപ്പെടുത്തിയാൽ തെരഞ്ഞെടുപ്പുവേളയിൽ ന്യൂനപക്ഷങ്ങളോട് ചെയ്ത വാഗ്ദാനങ്ങൾ ഗവൺമെന്റിന് പാലിക്കാനാവുമെന്നും ജമാഅത്ത് സെക്രട്ടറി ചൂണ്ടിക്കാട്ടി. ■

## 'ജിസ്യ' പിരിച്ചെന്ന വാർത്ത അടിസ്ഥാനരഹിതം

**പാകിസ്താനിലെ** ഒരു പ്രദേശത്തുനിന്ന് കൂട്ടത്തോടെ കുടിയൊഴിഞ്ഞു പോകുന്ന സിഖ് സമുദായാംഗങ്ങളിൽനിന്ന് താലിബാൻ 'ജിസ്യ' പിരിക്കുന്നു എന്ന് വാർത്താമാധ്യമങ്ങൾ ആവർത്തിച്ചാവർത്തിച്ച് റിപ്പോർട്ട് ചെയ്ത പശ്ചാത്തലത്തിൽ, നിജസ്ഥിതി അറിയുന്നതിന് ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിയുടെ ഒരു പ്രതിനിധി സംഘം ഇന്ത്യയിലെ പാക്-അഫ്ഗാൻ എംബസികൾ സന്ദർശിക്കുകയുണ്ടായി. മുഹമ്മദ് റഫീഖ് ഖാസിമി, മുഹമ്മദ് ഇഖ്ബാൽ മുല്ല എന്നിവരാണ് സംഘത്തിൽ ഉണ്ടായിരുന്നത്. പാക് ഹൈകമീഷണറുടെ അഭാവത്തിൽ കൗൺസിലർ മുഖ്താർ ഹുസൈൻ തിർമിദിയെയാണ് അവർ കണ്ടത്. ജിസ്യ പിരിച്ചു എന്ന് ആരോപിക്കപ്പെട്ട മേഖലയിൽ രൂക്ഷമായ യുദ്ധം നടക്കുകയാണെന്നും പതിനഞ്ച് ലക്ഷം പേർ അഭയാർഥികളായി പലായനം ചെയ്യുകയാണെന്നും അദ്ദേഹം പറഞ്ഞു. ഇവരിൽ 150 സിഖ് കുടുംബാംഗങ്ങൾ മാത്രമാണുള്ളത്. ഇവരെ സുരക്ഷിത സ്ഥാനത്ത് എത്തിക്കാനുള്ള എല്ലാ ശ്രമങ്ങളും ഗവൺമെന്റ് നടത്തുന്നുണ്ട്. ജിസ്യ പിരിക്കുന്നു എന്ന വാർത്ത കള്ളമാണ്. വിവരങ്ങൾ നേരിട്ടറിയാൻ ഇന്ത്യയിലെ സിഖ് സമുദായാംഗങ്ങളിൽ ആർക്കെങ്കിലും താൽപര്യമുണ്ടെങ്കിൽ, അവർക്ക് പാകിസ്താനിലെ സിഖ് കുടുംബാംഗങ്ങളുമായി ബന്ധപ്പെടാൻ പാക് എംബസി അവസരമൊരുക്കാമെന്നും അദ്ദേഹം വാക്കുകൊടുത്തു.

അഫ്ഗാൻ അംബാസഡർ ഡോ. സയ്യിദ് മഖ്ദൂമുമായും ജമാഅത്ത് പ്രതിനിധി സംഘം ചർച്ച നടത്തി. അഫ്ഗാനിസ്താന്റെ വിദ്യാഭ്യാസ, വ്യാപാര മേഖലകളിൽ വിശിഷ്ട സേവനം അനുഷ്ഠിക്കുന്നവരാണ് സിഖുകാരെന്നും അവരിൽനിന്ന് ജിസ്യ പിരിച്ചെന്നുള്ള വാർത്ത അടിസ്ഥാനരഹിതമാണെന്നും അദ്ദേഹം പറഞ്ഞു. ■

## മൈക്രോ ഫൈനാൻസിനെക്കുറിച്ച് ഹൈദരാബാദിൽ ശിൽപശാല

**അവശവിഭാഗങ്ങളുടെ** ഉന്നമനം ലക്ഷ്യംവെച്ച് ഇന്ത്യൻ ജമാഅത്തെ ഇസ്ലാമി ആവിഷ്കരിച്ച 'വിഷൻ 2016'ന്റെ ഭാഗമായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറുകിട സാമ്പത്തിക സംരംഭങ്ങൾ (Micro Finance Institutions) ആരംഭിക്കും. പാറ്റ്നയിലെ അർശദ് അജ്മലിന്റെ നേതൃത്വത്തിലുള്ള ഒരു സംഘമാണ് ഇതിന് മാർഗനിർദേശം നൽകുക. മൈക്രോ ഫൈനാൻസിനെക്കുറിച്ച് ഒരു ദേശീയ ശിൽപശാല 2009 ആഗസ്റ്റ് ഒന്നു മുതൽ നാലു വരെ ഹൈദരാബാദിൽ നടക്കുന്നുണ്ട്. ഇതു സംബന്ധമായി കൂടുതൽ വിവരങ്ങൾ അറിയാൻ അർശദ് അജ്മലുമായി നേരിൽ ബന്ധപ്പെടാം. **09931606687**



## ലിയാഖത്ത് ബലൂച് സെക്രട്ടറി ജനറൽ

**ലിയാഖത്ത്** ബലൂച് ആയിരിക്കും പാകിസ്താൻ ജമാഅത്തെ ഇസ്ലാമിയുടെ പുതിയ സെക്രട്ടറി ജനറൽ. കേന്ദ്ര കൂടിയാലോചനാ സമിതിയുടെ നിർദേശപ്രകാരം പാക് ജമാഅത്തെ ഇസ്ലാമി അധ്യക്ഷൻ സയ്യിദ് മുനവ്വർ ഹസനാണ് ലിയാഖത്ത് ബലൂചിനെ നിശ്ചയിച്ചത്. ചൗധരി മുഹമ്മദ് അസ്ലം സലീമി, പ്രഫ. ഖുർശിദ് അഹ്മദ്, പ്രഫ. ഗഫൂർ അഹ്മദ് എന്നിവരാണ് ഉപാധ്യക്ഷന്മാർ. ■